പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4052 — 26.06.2018-ൽ മറുപടി പറയേണ്ടിയിരുന്നത്

## ഡോ.ബി.ആർ.അംബേദ്കറിന്റെ പ്രതിമകൾ/ചിത്രങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി. ജോർജ് | എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ) |
| (എ) ഭാരതത്തിന്റെ ഭരണഘടനാ ശിൽപിയും ആദ്യത്തെ നിയമ മന്ത്രിയുമായ ഡോ.ബി.ആർ.അംബേദ്കറിന്റെ പ്രതിമകൾ / ചിത്രങ്ങൾ സംസ്ഥാനത്തെ എത്ര ഭരണഘടനാ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ; | (എ) ഭാരതത്തിന്റെ ഭരണഘടനാ ശിൽപിയും ആദ്യത്തെ നിയമമന്ത്രിയുമായ ഡോ.ബി.ആർ.അംബേദ്കറിന്റെ ചിത്രം ഭരണഘടനാ സ്ഥാപനമായ പട്ടികജാതി നാഷണൽ കമ്മീഷന്റെ തിരുവനന്തപുരത്തുള്ള ഓഫീസിൽ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ഡോ.ബി.ആർ.അംബേദ്കറിന്റെ പ്രതിമയോ ചിത്രമോ സ്ഥാപിച്ചിട്ടില്ലാത്തവയുണ്ടെങ്കിൽ അത് സ്ഥാപിക്കുവാനുള്ള തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ എന്നു മുതൽ നടപ്പാക്കുമെന്ന് വിശദമാക്കാമോ; | (ബി) തീരുമാനം എടുത്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) സംസ്ഥാനത്തെ പൊതുജനങ്ങൾ, വിദ്യാർത്ഥികൾ, സർക്കാർ ജീവനക്കാർ എന്നിവർക്ക് ഭരണഘടനാ അവബോധം സൃഷ്ടിക്കുവാൻ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (സി) നിയമവകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന നിയമ സേവന അതോറിറ്റി 'നിയമപാഠം' 'lessons law' എന്നീ പുസ്തകങ്ങൾ ഹയർ സെക്കണ്ടറി തലംവരെയുള്ള വിദ്യാർത്ഥികൾക്ക് നിയമപരിജ്ഞാനം പ്രദാനം ചെയ്യുന്നതിന് വിതരണം ചെയ്യുന്നുണ്ട്. ഭരണഘടന സംബന്ധിച്ച പാഠങ്ങൾ ഈ പുസ്തകങ്ങളിൽ ഉൾപ്പെടുന്നുണ്ട്. സർക്കാർ ജീവനക്കാർക്ക് പ്രത്യേക പദ്ധതികളൊന്നും നിലവിലില്ല. |

സെക്ഷൻ ഓഫീസർ